# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 143 — 02-05-2017 ൽ മറുപടിയ്ക്ക്

# തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. എം.വിൻസെന്റ് | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി നടത്തിപ്പ് വഴി കൈവരിക്കാനുദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ ;

(എ) യും (ബി) യും സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റോഡ് / റയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ നല്ല ഒരു ഭാഗം കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020-ഓടെ നിലവിൽ റോഡ് / റയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40 ശതമാനവും, 2030 ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതം വഴിനടത്തുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഇതിലൂടെ റോഡ് ഗതാഗത മേഖലയിലെ തിരക്ക് കുറയ്ക്കുക, ചരക്ക് നീക്കത്തിന്റെ ചെലവ് കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക എന്നിവയും സാധിക്കുന്നതാണ്.

(സി) സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് നൽകുന്നത് ; വിശദമാക്കാമോ ;

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു മെട്രിക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചു വരുന്നുണ്ട്.

തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകരമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു .

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസേഴ്സ് ഡെലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 09-11-2013 ന് കൊല്ലം തുറമുഖത്ത് നടത്തി. ആദ്യഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്. ഈ പദ്ധതി വടക്കൻ കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30/10/2014 ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**